**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - 'സഹിതം' പോർട്ടൽ സജ്ജമാക്കുന്നതിനും ഉപയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.763/2020/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 14.02.2020

പരാമർശം:-1. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.01.2020 ലെ കൈറ്റ്/2020/1674 നം കത്ത്.

2. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.01.2020 ലെ ക്യൂ.ഐ.പി (2)/1686/2020/ഡി.ജി.ഇ നം കത്ത്.

**<u>ഉത്തരവ്</u>**

കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധയും പിന്തുണയും പരിപോഷിപ്പിക്കുന്നതിനും മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും മെന്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അവലോകന യോഗത്തിൽ തീരുമാനിച്ചിരുന്നു. കുട്ടികളുടെ അക്കാദമിക മികവ് വളർത്തുന്നതോടൊപ്പം തന്നെ സാമൂഹിക മികവും വളർത്താൻ സഹായിക്കുക, മാനസിക വ്യതിയാനം പ്രകടമാക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വീടുകളിലുള്ള കാര്യങ്ങൾ ഉൾപ്പെടെ മനസിലാക്കി കുട്ടികളുടെ പിരിമുറുക്കം ലഘൂകരിക്കുന്നതിനുള്ള നടപടികൾ എടുക്കുക അധ്യാപകർക്ക് മനശാസ്ത്രപരമായ പരിശീലനം ഉൾപ്പെടെ ഇതിനായി ഏർപ്പെടുത്തുക, ഓരോ കുട്ടിയും അവരവരുടെ കഴിവനുസരിച്ച് പരമാവധി ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്താൻ സഹായിക്കുക തുടങ്ങിയവ ലക്ഷ്യമിടുന്ന തരത്തിലാകണം ഈ പദ്ധതി എന്നും പ്രസ്തുത യോഗം തീരുമാനിച്ചിരുന്നു.

ഇതിനനുസൃതമായി ഓരോ സ്കൂൾ വിദ്യാർത്ഥിയുടേയും അനുഗുണമായ സാമൂഹിക ശേഷികൾ, ഭാഷാ ശേഷി, ഗണിതശേഷി സാമൂഹികാവബോധം, ശാസ്ത്രാഭിമുഖ്യം തുടങ്ങി കുട്ടിയുടെ പഠനത്തിലുണ്ടാകുന്ന പുരോഗതി നിരന്തരം നിരീക്ഷിക്കാനും കുട്ടികൾക്കുണ്ടാകുന്ന പഠന പ്രയാസം തിരിച്ചറിഞ്ഞ് പരിഹാര പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി തയാറാക്കുകയും ഇത് രേഖപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള പോർട്ടൽ 'സഹിതം' എന്ന പേരിൽ കൈറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് പരാമർശം (1) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

എസ്.സി.ഇ.ആർ.ടി യുടെ സഹായത്തോടെ കൈറ്റ് തയ്യാറാക്കിയിട്ടുള്ള 'സഹിതം' പോർട്ടലിലുള്ള മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുകയും അന്വേഷണ പഠനത്തിനായി സഹായിക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും 'സമ്പൂർണ്ണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയറിലുള്ള കുട്ടികളുടെ അടിസ്ഥാന വിശദാംശങ്ങൾ അദ്ധ്യാപകരുടെ ലോഗിനിൽ ലഭ്യമാക്കുമെന്നും കുട്ടികളുമായുള്ള അനൗപചാരിക സംവാദം, ഗൃഹസന്ദർശനം, നിരന്തര നിരീക്ഷണം തുടങ്ങിയവയിലൂടെ കുട്ടിയെ സംബന്ധിക്കുന്ന കൂടുതൽ പശ്ചാത്തല വിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനങ്ങളും ഇതുവഴി നടപ്പാക്കാവുന്നതാണെന്നും 'സഹിതം' പോർട്ടൽ വികസിപ്പിച്ച് സാങ്കേതിക പിന്തുണ നൽകലും പരിപാലന ചുമതലയും കേരള ഇൻഫ്രസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനും (കൈറ്റ്), അക്കാദമികം, ഉള്ളടക്ക നിർമ്മാണം, അക്കാദമിക മോണിറ്ററിംഗ് തുടങ്ങിയ മേഖലകളുടെ ചുമതല എസ്.സി.ഇ.ആർ.ടി യ്ക്കും ആയിരിക്കുമെന്നും 'സഹിതം' പദ്ധതിയുടെ ഭരണ നിർവ്വഹണ ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടറിലും നിക്ഷിപ്തമായിരിക്കുമെന്നും ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം വിശദമായ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മെന്ററിംഗിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന പുരോഗതി രേഖപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി യുടെ സഹായത്തോടെ കൈറ്റ് രൂപീകരിച്ച 'സഹിതം' പോർട്ടൽ സജ്ജമാക്കുന്നതിനും ഉപയോഗിക്കുന്നതിനും ചുവടെ പറയുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1. 'സഹിതം' പോർട്ടലിലുള്ള മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുകയും അന്വേഷണ പഠനത്തിനായി സഹായിക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 'സമ്പൂർണ്ണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയറിലുള്ള കുട്ടികളുടെ അടിസ്ഥാന വിശദാംശങ്ങൾ അദ്ധ്യാപകരുടെ ലോഗിനിൽ ലഭ്യമാക്കേണ്ടതാണ്.
2. കുട്ടികളുമായുള്ള അനൗപചാരിക സംവാദം, ഗൃഹസന്ദർശനം, നിരന്തര നിരീക്ഷണം തുടങ്ങിയവയിലൂടെ കുട്ടിയെ സംബന്ധിക്കുന്ന കൂടുതൽ പശ്ചാത്തല വിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനങ്ങളും ഇതുവഴി നടപ്പാക്കേണ്ടതാണ്.
3. 'സഹിതം' പോർട്ടൽ വികസിപ്പിച്ച് സാങ്കേതിക പിന്തുണ നൽകലും പരിപാലന ചുമതലയും കേരള ഇൻഫ്രസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനും (കൈറ്റ്), അക്കാദമികം, ഉള്ളടക്ക നിർമ്മാണം, അക്കാദമിക മോണിറ്ററിംഗ് തുടങ്ങിയ മേഖലകളുടെ ചുമതല എസ്.സി.ഇ.ആർ.ടി യ്ക്കും ആയിരിക്കും. 'സഹിതം' പദ്ധതിയുടെ ഭരണ നിർവ്വഹണ ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയിൽ സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ നടപ്പ് അദ്ധ്യയനവർഷം തന്നെ പദ്ധതി നടപ്പിലാക്കേണ്ടതാണ്.
5. കുട്ടികളുടെ പഠനത്തിലുണ്ടാകുന്ന പുരോഗതി അദ്ധ്യാപകർ നിരന്തരം നിരീക്ഷിക്കേണ്ടതാണ്. അതുവഴി കുട്ടികൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ തിരിച്ചറിയുവാനും അവ പരിഹരിക്കുവാനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. അതോടൊപ്പം പഠന നിലവാരത്തിലുണ്ടാകുന്ന മാറ്റം യഥാസമയം പോർട്ടലിൽ ലഭ്യമാക്കേണ്ടതുമാണ്.
6. സ്കൂൾ മോണിറ്ററിംഗിന്റെ ഭാഗമായുള്ള വിലയിരുത്തലിൽ കണ്ടെത്തുന്ന മികവുകൾ, പരിമിതികൾ എന്നിവ ജില്ലാതല അവലോകന യോഗങ്ങളിൽ ചർച്ച ചെയ്യേണ്ടതും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ